**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 175** | **08-08-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനു സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിലെ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| സ്ഥാപനം | ആർദ്രം പദ്ധതി | നിർമ്മാണ പുരോഗതി |
|---|---|---|
| എഫ്.എച്ച്.സി നീലംപേരൂർ | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു |
| എഫ്.എച്ച്.സി തലവടി | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | ആശുപത്രിയിൽ ഭൂമി സംബന്ധമായ വിഷയം ഉള്ളതിനാൽ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| എഫ്.എച്ച്.സി തകഴി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| എഫ്.എച്ച്.സി കാവാലം | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | നിർമ്മാണം പുരോഗമിക്കുന്നു |
| എഫ്.എച്ച്.സി കുപ്പപ്പുറം | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. നിലവിൽ പുതിയ കെട്ടിടത്തിനായി 15-ാം ധനകാര്യ കമ്മീഷനിൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| എഫ്.എച്ച്.സി രാമങ്കരി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | നവീകരണം<br><br>പൂർത്തിയാക്കി |

| | | |
|---|---|---|
| എഫ്.എച്ച്.സി വിയ്യപുരം | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | നിർമ്മാണം പൂർത്തിയാക്കി |
| എഫ്.എച്ച്.സി മുട്ടാർ | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി. | പ്രസ്തുത കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതോടുകൂടി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ് |
| സി.എച്ച്.സി വെളിയനാട് | ബ്ലോക്ക്തല എഫ്.എച്ച്.സിയായി ഉയർത്തിയിട്ടുണ്ട്. | കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിട്ടില്ല. NABARD പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| സി.എച്ച്.സി ചമ്പക്കുളം | ബ്ലോക്ക്തല എഫ്.എച്ച്.സിയായി ഉയർത്തിയിട്ടുണ്ട്. | നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും |

| | | | |
|---|---|---|---|
| (ബി) | കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആവശ്യത്തിന് ജീവനക്കാരെയും മരുന്നും ഉറപ്പ് വരുത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | നിലവിലെ മാനദണ്ഡം അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടന്നു വരികയാണ്. കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആവശ്യമായ മരുന്ന് വിതരണം ഉറപ്പാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പകർച്ചവ്യാധിയ്ക്ക് ഉപയോഗിച്ചു വരുന്ന ഡോക്സിസൈക്ലിൻ പോലുള്ള മരുന്നുകൾ വാർഷിക ഇൻഡന്റ് മുഖേന ആവശ്യപ്പെട്ട അളവിന്റെ 80 മുതൽ 85 ശതമാനം വരെ ലഭ്യമാക്കിയിട്ടുണ്ട്. തകഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 100 ശതമാനം വിതരണം നടത്തിയിട്ടുണ്ട്. അതുപോലെ മറ്റു അവശ്യ മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ സ്കാനിംഗ് ഉൾപ്പെടെയുള്ള ലാബ് സംവിധാനം മികച്ച നിലയിൽ ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയ്ക്കായി 144.06കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി പ്രൊപ്പോസ് ചെയ്തിട്ടുള്ള കെട്ടിടത്തിൽ ഗൈനക്ക് വിഭാഗവും ഗൈനക്കോളജിസ്റ്റ് ഉപയോഗിക്കേണ്ട അൾട്രാസൗണ്ട് വിഭാഗവും പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ